പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3053 18.06.2019 ൽ മറുപടിയ്ക്ക്

## നിർമ്മാണ പദ്ധതികൾക്ക് റവന്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി.

ചോദ്യം
ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാർ, ചിന്നക്കനാൽ, വട്ടവട പ്രദേശങ്ങളിൽ റവന്യൂ വകുപ്പൾപ്പെടെയുള്ള വകുപ്പുകൾ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ റവന്യൂ വകുപ്പിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും എൻ.ഒ.സി. ഉൾപ്പെടെയുള്ള അനുവാദങ്ങൾ വാങ്ങിയാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കേരള ഹൈക്കോടതിയുടെ WP(C) 1801/2010, WP(C) 34095/2009 എന്നീ കേസുകളിലെ 21/01/2010-ലെ ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യു വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. റവന്യൂ തദ്ദേശ സ്വയംഭരണം, പൊലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ എൻ.ഒ.സി ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ ആയിരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ 8 വില്ലേജുകളാണ് മൂന്നാർ പ്രദേശം എന്ന് കണക്കാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നേടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 27.09.2017-ൽ ഇടുക്കി ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ സി4-25908/2015 പ്രകാരം പൊതു ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ആവശ്യമില്ല എന്നും എന്നാൽ പൊതു ആവശ്യങ്ങൾക്കുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ദേവികുളം സബ്കളക്ടർ പരിശോധിച്ച് എൻ.ഒ.സി. നൽകണമെന്നും വ്യവസ്ഥ |

| | | |
|---|---|---|
| | | ചെയ്തിട്ടുള്ളതാണ്. |
| (ബി) | അപ്രകാരമാണെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള എൻ.ഒ.സി.കളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ദേവികുളം മണ്ഡലത്തിലെ ചിന്നക്കനാൽ പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കുന്നതും സമാന സാഹചര്യത്തിൽ മൂന്നാർ പഞ്ചായത്തിലെ പ്രവൃത്തികൾ നടപ്പിലാക്കുവാൻ അനുവദിക്കാത്തതും എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി)യും (ഡി)യും ചിന്നക്കനാൽ പഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ഫയൽ നിലവിൽ നടപടിയിലിരിക്കുന്നതും മൂന്നാർ ഗ്രാമപഞ്ചായത്തിലെ ടാക്സി സ്റ്റാൻഡ് നിർമ്മാണത്തിന് 01-04-2019-ൽ എൻ.ഒ.സി. നൽകിയിട്ടുള്ളതാണ്. മൂന്നാർ ഗ്രാമ പഞ്ചായത്തിന്റെ വനിതാ ഉൽപ്പന്ന വിതരണ കേന്ദ്രം തോട് പുറമ്പോക്ക് കയ്യേറി നിർമ്മിച്ചതാണെന്ന് ദേവികുളം സബ് കളക്ടർക്ക് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ച് ആയത് ബോധ്യപ്പെടുകയും സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ WP(C)6991/2019 നമ്പരായി കേസ് നിലവിലുള്ളതുമാണ്. ആകയാൽ ടി പദ്ധതിക്ക് എൻ.ഒ.സി നൽകിയിട്ടില്ല. |
| (ഡി) | ചിന്നക്കനാൽ പഞ്ചായത്ത് ഓഫീസിന് സമീപത്തായി പണിയുന്ന കെട്ടിടത്തിന് റവന്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ

**ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം**
(ഹാജർ - എച്ച് ദിനേശൻ. ഐ.എ.എസ്)

തീയതി : 30/05/2019

വിഷയം-കെട്ടിട നിർമ്മാണത്തിന് എൻ.ഒ.സി-യ്ക്കായുള്ള അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന - (1) ബഹു. കേരള ഹൈക്കോടതിയിലെ WP(C) 1801/2010, WP(C) 34095/2009 നമ്പർ കേസുകളിലെ 21.01.2010-ലെ ഇടക്കാല ഉത്തരവ്.

(2) തഹസിൽദാർ, ദേവികുളം-ന്റെ 03.04.2019-ലെ ജെ1-2666/2019 നമ്പർ റിപ്പോർട്ട്.

ബഹു. കേരള ഹൈക്കോടതിയുടെ സൂചന (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് . ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർ, മൂന്നാർ തൊഴിൽ വകുപ്പിന്റെ കീഴിൽ ലേബർ കോംപ്ലക്സിനു വേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എൻ.ഒ.സി-യ്ക്കായി സമർപ്പിച്ച അപേക്ഷയിൽ സൂചന (2) പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്.

ദേവികുളം താലൂക്കിൽ മൂന്നാർ വില്ലേജിൽ സർവേ നമ്പർ 912-ൽ 0.1800 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമി സർക്കാർ ഉത്തരവ് GO(MS) 515/15/റവന്യൂ തീയതി 30.09.2015 പ്രകാരം പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ് സ്ഥാപിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം തൊഴിൽ വകുപ്പിന് കൈമാറി ഉത്തരവായിട്ടുള്ളതാണ്. ടി സ്ഥലം മൂന്നാർ ലക്ഷം കോളനി റോഡിൽ നിന്നും രണ്ട് കിലോമീറ്റർ മാറി മൂന്നാർ ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് സമീപം സ്ഥിതി ചെയ്യുന്നു. ടി സ്ഥലത്ത് ദേഹണ്ഡങ്ങളോ ഇല്ലാത്തതാണ്. സമർപ്പിച്ചിട്ടുള്ള രൂപരേഖ പ്രകാരം ടി വസ്തുവിൽ നിർമിക്കുന്ന കെട്ടിടത്തിന് ബേസ്മെന്റിൽ 22.60 ച.മീ, ഗ്രൗണ്ട് ഫ്ലോർ 280.03 ച.മീ, ഫസ്റ്റ് ഫ്ലോർ 629.42 ച.മീ, വാട്ടർ ടാങ്ക് ലെവലിൽ 13.20 ച.മീ എന്നിങ്ങനെ പ്ലിന്ത് ഏരിയ ഉള്ളതാകുന്നു. സൂചന (2) പ്രകാരം ലഭിച്ചിട്ടുള്ള റിപ്പോർട്ടിൽ സർക്കാർ ആവശ്യത്തിനായി ലേബർ കോംപ്ലക്സ് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽസാഹചര്യത്തിൽ ദേവികുളം താലൂക്കിൽ മൂന്നാർ വില്ലേജിൽ സർവേ നമ്പർ 912-ൽ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുള്ള 0.1800 ഹെക്ടർ ഭൂമിയിൽ ലേബർ കോംപ്ലക്സ് നിർമ്മിക്കുന്നതിൽ ആക്ഷേപമില്ല എന്ന് ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ, ഇടുക്കി.

സ്വീകർത്താവ് - പ്ലാന്റേഷൻ ഇൻസ്പെക്ടർ, മൂന്നാർ

പകർപ്പ് - 1) സബ് കളക്ടർ, ദേവികുളം
2) തഹസിൽദാർ , ദേവികുളം
3) വില്ലേജാഫീസർ, മൂന്നാർ.

Validity unknown

Digitally signed by HOSDURG DINESHAN
Date: 2019.05.30 07:10:30 IST
Reason: Approved

I/19456/2019

# ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ - എച്ച് ദിനേശൻ ഐ.എ.എസ്)

തീയതി 15/03/2019

വിഷയം- എൻ.ഒ.സി - സെക്യൂരിറ്റി ക്യാബിൻ നിർമ്മാണത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- (1) ബഹു. കേരള ഹൈക്കോടതിയിലെ WP(C) 1801/2010, WP(C) 34095/2009 നമ്പർ കേസുകളിലെ 21.01.2010-ലെ ഇടക്കാല ഉത്തരവ്.

(2) തഹസിൽദാർ ദേവികുളം ന്റെ 04.02.2019 ലെ ജെ-1452/19 നമ്പർ റിപ്പോർട്ട്.

ബഹു. കേരള ഹൈക്കോടതിയുടെ സൂചന (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് . ആയതിന്റെ അടിസ്ഥാനത്തിൽ ദേവികുളം താലൂക്കിൽ കെഡിഎച്ച് വില്ലേജിൽ കുണ്ടള ഡാമിന്റെ സമീപത്ത് സർവേ നമ്പർ 1209-ൽപ്പെട്ട കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 15.65 ഏക്കർ സ്ഥലത്ത് ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി ലോകബാങ്കിന്റെ ധനസഹായത്താൽ 49.06 ച.മീ വിസ്തീർണ്ണം വരുന്ന സെക്യൂരിറ്റി ക്യാബിൻ നിർമ്മിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും നമ്പർ ലഭിക്കുന്നതിനായി എൻ.ഒ.സി ആവശ്യമാകയാൽ പ്ലാൻ സഹിതം 22.01.2019-ൽ DB-06/Kda.dam/DSSD/Kty/2018-19/402 നമ്പർ കത്ത് പ്രകാരം അസി. എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി ഡാം സേഫ്റ്റി സബ് ഡിവിഷൻ, കല്ലാർകുട്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് . ടി അപേക്ഷയിൽ സൂചന (2) പ്രകാരം ദേവികുളം തഹസിൽദാർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്.

സെക്യൂരിറ്റി ക്യാബിൻ നിർമ്മിച്ചിരിക്കുന്ന സ്ഥലം ദേവികുളം താലൂക്കിലെ കെഡിഎച്ച് വില്ലേജിൽ സർവേ നമ്പർ 1209-ൽപ്പെട്ട 15.65 ഏക്കർ സ്ഥലമാകുന്നു. അണക്കെട്ടിന്റെ സുരക്ഷാ ആവശ്യത്തിലേക്ക് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നതിനായി സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽവിഷയം പരിശോധിച്ചതിൽ സെക്യൂരിറ്റി ക്യാബിൻ സ്ഥാപിക്കുന്നത് കുണ്ടള ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്ക് ഗുണകരമാണെന്ന് കാണുന്നു. ആകയാൽ ടി അപേക്ഷ പരിഗണിച്ച്, ദേവികുളം താലൂക്കിൽ കെഡിഎച്ച് വില്ലേജിൽ കുണ്ടള ഡാമിന്റെ സമീപത്ത് സർവേ നമ്പർ 1209-ൽപ്പെട്ട കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള 15.65 ഏക്കർ സ്ഥലത്ത് ഇതോടൊപ്പം ഉൾക്കൊള്ളിരിക്കുന്ന രൂപരേഖയനുസരിച്ച് നടത്തിയിട്ടുള്ള 49.06 ച.മീ വിസ്തീർണ്ണമുള്ള സെക്യൂരിറ്റി ക്യാബിൻ നിർമ്മാണത്തിന് 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ, ഇടുക്കി.

*സ്വീകർത്താവ് - അസി. എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി ഡാം സേഫ്റ്റി സബ് ഡിവിഷൻ, കല്ലാർകുട്ടി 685562*

പകർപ്പ് - 1) സബ് കളക്ടർ, ദേവികുളം
2) തഹസിൽദാർ , ദേവികുളം
3) വില്ലേജാഫീസർ, കെ ഡി എച്ച്.
4) സെക്രട്ടറി, ദേവികുളം ഗ്രാമ പഞ്ചായത്ത്.

സെക്ഷൻ ഓഫീസർ

# ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ – എച്ച് ദിനേശൻ. ഐ.എ.എസ്)

തീയതി : 03/06/2019

വിഷയം-കെ.ഡി.എച്ച് വില്ലേജ് – കേരള ഹൈഡൽ ടൂറിസം സെന്റർ – നിർമ്മാണപ്രവർത്തനങ്ങൾക്ക് എൻ.ഒ.സി– അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന-(1) ബഹു. കേരള ഹൈക്കോടതിയിലെ WP(C) 1801/2010, WP(C) 34095/2009 നമ്പർ കേസുകളിലെ 21.01.2010–ലെ ഇടക്കാല ഉത്തരവ്.
(2) കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടറുടെ 17.10.2018 ലെ KHTC/HQ/GL/2018-19/490 നമ്പർ കത്ത്.

(3) തഹസിൽദാർ, ദേവികുളം-ന്റെ 10.12.2018–ലെ ജെ1–10838/2018 നമ്പർ റിപ്പോർട്ട്.

(4) സബ് കളക്ടർ, ദേവികുളം-ന്റെ 10.04.2019–ലെ RDODVM/326/2019-B2 നമ്പർ റിപ്പോർട്ട്.

ബഹു. കേരള ഹൈക്കോടതിയുടെ സൂചന (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടറുടെ സൂചന (1) പ്രകാരമുള്ള അഭ്യർഥന പ്രകാരം ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ മാട്ടുപ്പെട്ടി ജലാശയത്തിനു സമീപം സൺമൂൺവാലി ബോട്ടിങ് സെന്ററിന്റെ ഭാഗമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എൻ.ഒ.സി-യ്ക്കായി സമർപ്പിച്ച അപേക്ഷയിൽ സൂചന (3), (4) എന്നിവ പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. ടി സ്ഥലത്ത് വിവിധ ആവശ്യങ്ങൾക്കുള്ള 19 നിർമ്മാണങ്ങൾക്ക് ദേവികുളം സബ് കളക്ടറുടെ 10.01.2017–ലെ ബി2–4599/16 നമ്പരായി എൻ.ഒ.സി നൽകിയിട്ടുള്ളതും ആയത് പ്രകാരമുള്ള ക്വാർട്ടേഴ്സുകളും ബോട്ടിങ് സെന്ററും നിർമ്മിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്. കൂടുതലായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് നിലവിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

02.02.2019-ൽ കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള കത്തിൽ മാട്ടുപ്പെട്ടി ജലാശയത്തിനു സമീപം തടി ഉപയോഗിച്ചുള്ള താത്കാലിക കുടിലുകൾ പോലുള്ള നിർമ്മിതികൾ നടത്തുവാനും ടൂറിസ്റ്റുകൾക്ക് വാടകയ്ക്ക് നൽകുവാനും ഉദ്ദേശിക്കുന്നതായി പ്രസ്താവിച്ചിട്ടുള്ളതാണ്. പൊളിച്ചു മാറ്റാവുന്ന തരത്തിലുള്ള മേൽപ്പറഞ്ഞ കുടിലുകൾ ഹൈഡൽ ടൂറിസത്തിന് വലിയ വരുമാനം നേടിത്തരുന്നതാണെന്നും ആകയാൽ റവന്യൂ വകുപ്പിൽ നിന്നുള്ള എൻ .ഒ.സി ലഭ്യ മാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്.

അപേക്ഷയ്ക്ക് ആധാരമായ സ്ഥലം ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ സർവേ

നമ്പർ 783/1 ൽപ്പെട്ട 14.65 ഏക്കർ സ്ഥലം ആകുന്നു. ആയത് മാട്ടുപ്പെട്ടി ഡാം പദ്ധതിക്കു വേണ്ടി സർക്കാർ പൊന്നും വിലയ്ക്ക് എടുത്ത് കെ.എസ്.ഇ.ബി.ക്ക് കൈമാറിയിട്ടുള്ളതും നാളത് കെ.എസ്.ഇ.ബി.യുടെ കൈവശത്തിൽ ഇരിക്കുന്നതുമാണ് . നിർമ്മാണം സംബന്ധിച്ച് ദേവികുളം തഹസിൽദാർ സ്ഥലം പരിശോധിച്ച് സൂചന (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസ് മുഖേന സ്ഥലപരിശോധന നടത്തി സൂചന (4) പ്രകാരം സബ് കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഹൈഡൽ ടൂറിസം സെന്ററിന്റെ കീഴിൽ സൺമൂൺവാലി ബോട്ടിങ് സെന്റർ പ്രവർത്തിച്ചുവരുന്ന സ്ഥലത്ത് 24.96 ചമീ. വിസ്തീർണ്ണം വരുന്ന എട്ട് കോട്ടേജുകൾ(ആകെ 199.68 ചമീ.), 51.22 ചമീ. വരുന്ന ഒരു സ്വീറ്റ് കോട്ടേജ്, 51.22 ചമീ. വരുന്ന ഒരു ഡബിൾ ബെഡ് കോട്ടേജ്, രണ്ടുനിലകളിലായി 314.55 ചമീ. വരുന്ന റെസ്റ്റോറന്റ് & സ്റ്റാഫ് റൂം, 170.98 ചമീ. വരുന്ന 4-ബെഡ് റൂം കോട്ടേജുകൾ ഏഴെണ്ണം(ആകെ 1196.86 ചമീ.) എന്നിങ്ങനെ ആകെ 18 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി ആവശ്യപ്പെട്ടിരിക്കുന്നത്. ടി കെട്ടിടങ്ങളുടെ നിർമ്മാണം മൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാനിടയില്ല എന്നും ടി കെട്ടിടങ്ങൾക്ക് എൻ.ഒ.സി നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽസാഹചര്യത്തിൽ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ സർവേ നമ്പർ 783/1 ൽപ്പെട്ടതും മാട്ടുപ്പെട്ടി ഡാം പദ്ധതിക്കു വേണ്ടി സർക്കാർ പൊന്നും വിലയ്ക്ക് എടുത്ത് കെ.എസ്.ഇ.ബി.ക്ക് കൈമാറിയിട്ടുള്ളതുമായ 14.65 ഏക്കർ ഭൂമിയിൽ ഹൈഡൽ ടൂറിസം സെന്ററിന്റെ ആവശ്യങ്ങൾക്കായി മേൽവിവരിച്ച പ്രകാരം ആകെ 18 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ ആക്ഷേപമില്ല എന്ന് ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ, ഇടുക്കി.

സ്വീകർത്താവ് - 1. ഡയറക്ടർ, കേരള ഹൈഡൽ ടൂറിസം സെന്റർ, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.
2. സീനിയർ മാനേജർ, കേരള ഹൈഡൽ ടൂറിസം സെന്റർ, മൂന്നാർ.

പകർപ്പ് - 1) സബ് കളക്ടർ, ദേവികുളം
2) തഹസിൽദാർ , ദേവികുളം
3) വില്ലേജാഫീസർ, കെ.ഡി.എച്ച്.
4) സെക്രട്ടറി, ദേവികുളം ഗ്രാമപഞ്ചായത്ത്.

സെക്ഷൻ ഓഫീസർ

alidity unknown
tally signed ... DURG
ESHAN
e: 2019 ... :28 IST
son: Ap

**ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം**
(ഹാജർ - എച്ച് ദിനേശൻ. ഐ.എ.എസ്)

തീയതി : 01/04/2019

വിഷയം- എൻ.ഒ.സി - മൂന്നാർ ടൗണിൽ ടാക്സി സ്റ്റാൻഡ് നിർമ്മാണത്തിന് അനുമതി നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന- (1) ബഹു. കേരള ഹൈക്കോടതിയിലെ WP(C) 1801/2010, WP(C) 34095/2009 നമ്പർ കേസുകളിലെ 21.01.2010-ലെ ഇടക്കാല ഉത്തരവ്.

(2) മൂന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2019 ലെ എ 1-860/19 നമ്പർ കത്ത്.

(3) ദേവികുളം തഹസിൽദാരുടെ 30.03.2019 ലെ ജെ1-3442/2019 നമ്പർ റിപ്പോർട്ട്.

ബഹു. കേരള ഹൈക്കോടതിയുടെ സൂചന (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് . 2016-17 വർഷത്തിൽ ലോകബാങ്കിന്റെ ധനസഹായമായി ലഭിച്ച തുകയിൽ നിന്നും 15,31,369/- രൂപ വകയിരുത്തി മൂന്നാർ ടൗണിൽ പ്രൈവറ്റ് സ്റ്റാൻഡിനു സമീപമുള്ള ടാക്സി സ്റ്റാൻഡ് പുതുക്കിപ്പണിയുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തെ ചുമതലപ്പെടുത്തി തുക കൈമാറിയിട്ടുള്ളതാണെന്നും ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിച്ചിട്ടുള്ളതാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്. എൻ.ഒ.സി ഇല്ലാത്തതിനാൽ റവന്യൂ വകുപ്പ് ടി നിർമ്മാണം നിർത്തിവെയ്പ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് ലഭിക്കുന്നതിനായി സൂചന (2) പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്.


മേൽവിഷയം സംബന്ധിച്ച് ദേവികുളം തഹസിൽദാർ അന്വേഷണം നടത്തി സൂചന (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. നിർമ്മാണം നടത്തുന്ന സ്ഥലം ദേവികുളം താലൂക്കിൽ മൂന്നാർ വില്ലേജിൽ സർവേ നമ്പർ 62/28A-യിൽപ്പെട്ടതും മൊത്ത വിസ്തീർണ്ണം 60.87 ഏക്കർ വരുന്നതും 1-ാം നമ്പർ തണ്ടപ്പേര് പ്രകാരം കെ.ഡി.എച്ച്.പി കമ്പനി എന്ന് ബി.ടി.ആറിൽ രേഖപ്പെടുത്തിയിട്ടുള്ളതായും സ്ഥലത്തിൽപ്പെട്ട വരുന്നു. ആയത് മൂന്നാർ ടൗണിൽ നിന്ന് അടിമാലി ഭാഗത്തേക്കുള്ള ബസ് കാത്തിരിപ്പ് കേന്ദ്രത്തിനോട് ചേർന്ന് മൂന്നാർ-മറയൂർ റോഡിന് കിഴക്ക് ഭാഗത്തായും മുതിരപ്പുഴ ആറിന്റെ പടിഞ്ഞാറ് ഭാഗത്തായും ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് വടക്ക് ഭാഗത്ത് 38.3 മീറ്റർ നീളത്തിലും 5.8 മീറ്റർ വീതിയിലും സ്ഥിതി ചെയ്യുന്നു. ടി സ്ഥലത്ത് 2003-04 വർഷത്തിലെ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ടാക്സി സ്റ്റാൻഡ് നിർമ്മാണം നടത്തിയിരുന്നതും ആയത് കാലപ്പഴക്കത്താൽ നശിച്ച് പോയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ടാക്സി സ്റ്റാൻഡ് ആധുനിക രീതിയിൽ പുനർനിർമ്മിക്കുന്നതിന് തീരുമാനിച്ച് പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ് . ടാക്സി സ്റ്റാൻഡ് താൽക്കാലികമായി ഷീറ്റിട്ട് പുനർനിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് സൂചന (3) പ്രകാരം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽവിഷയം പരിശോധിച്ചതിൽ മൂന്നാർ ടൗണിലെ ടാക്സി സ്റ്റാൻഡ് ആധുനിക രീതിയിൽ

പുനർനിർമ്മിക്കുന്നത് പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും പ്രയോജനപ്രദമാണെന്നും ആയത് മൂന്നാറിലെ അടിസ്ഥാന സൗകര്യ വികസനത്തിന് അത്യന്താപേക്ഷിതമാണെന്നും കാണുന്നു. ആകയാൽ സൂചന (2), (3) എന്നിവയിൽ പരാമർശിച്ചിട്ടുള്ളതും 2016-17 വർഷത്തിൽ ലോകബാങ്കിന്റെ ധനസഹായമായി ലഭിച്ച തുകയിൽ നിന്നും 15,31,369/- രൂപ വകയിരുത്തി മൂന്നാർ ടൗണിൽ പ്രൈവറ്റ് സ്റ്റാൻഡിനു സമീപത്തായി മൂന്നാർ വില്ലേജിലെ 1-ാം നമ്പർ തണ്ടപ്പേര് പ്രകാരം കെ.ഡി.എച്ച്.പി കമ്പനിപേരിൽ കൊണ്ടുകിടക്കുന്ന സർവേ നമ്പർ 62/28A-യിൽപ്പെട്ട 60.87 ഏക്കർ വരുന്ന വസ്തുവിൽ ഉൾപ്പെട്ടു വരുന്നതുമായ സ്ഥലത്തെ ടാക്സി സ്റ്റാൻഡ് ടാക്സി സ്റ്റാൻഡ് താൽക്കാലികമായി ഷീറ്റിട്ട് പുനർനിർമ്മിക്കുന്ന പ്രവൃത്തിക്ക് പൊതുആവശ്യം പരിഗണിച്ച് 'നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിലുള്ള നിർമ്മാണ നിയന്ത്രണങ്ങൾക്കും കോടതി ഉത്തരവുകൾക്കും വിധേയമായി മാത്രം നടപ്പാക്കേണ്ടതാണ്. അനുവദിക്കപ്പെട്ട ആവശ്യത്തിനല്ലാതെ പ്രസ്തുത നിർമ്മാണത്തിന് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും മറ്റ് യാതൊരാവശ്യത്തിനും ലൈസൻസോ അനുമതികളോ നൽകുന്നത് സൂചന (1) ഉത്തരവിന്റെയും ടി വിഷയത്തിൽ ഈ ആഫീസിൽ നിന്നും നല്കിയിട്ടുള്ള നിർദ്ദേശങ്ങളുടെയും ലംഘനമായി കണക്കാക്കുന്നതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ, ഇടുക്കി.

സ്വീകർത്താവ് - സെക്രട്ടറി , മൂന്നാർ ഗ്രാമപഞ്ചായത്ത്
പകർപ്പ് - 1) സബ് കളക്ടർ, ദേവികുളം
2) തഹസിൽദാർ , ദേവികുളം
3) വില്ലേജാഫീസർ, മൂന്നാർ.



/alidity unknown

)igitally signed by HOSDURG
)INESHAN
)ate: 2019.04.[illegible] 13:2[illegible]:36 IST
ReasON: Approved

## ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ - ജീവൻ ബാബു കെ. ഐ.എ.എസ്)

വിഷയം- എൻ.ഒ.സി - പമ്പ്ഹൗസ് നിർമ്മാണത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- (1) ബഹു. കേരള ഹൈക്കോടതിയിലെ WP(C) 1801/2010, WP(C) 34095/2009 നമ്പർ കേസുകളിലെ 21.01.2010-ലെ ഇടക്കാല ഉത്തരവ്.

(2) തഹസിൽദാർ ദേവികുളം ന്റെ 01.02.2019 ലെ ജെ1-1710/19 നമ്പർ റിപ്പോർട്ട്.

ബഹു. കേരള ഹൈക്കോടതിയുടെ സൂചന (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ(എ.എച്ച്), കേരള കന്നുകാലി വികസന ബോർഡ്, മാട്ടുപ്പെട്ടി യൂണിറ്റ് ടി സ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു പമ്പ്ഹൗസ് നിർമ്മിച്ചിട്ടുള്ളതും ആയതിന് എൻ.ഒ.സി-യ്ക്ക് വേണ്ടി അപേക്ഷിച്ചിട്ടുള്ളതുമാണ്. ടി അപേക്ഷയിൽ സൂചന (2) പ്രകാരം ദേവികുളം തഹസിൽദാർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്.

പമ്പ്ഹൗസ് നിർമ്മിച്ചിരിക്കുന്ന സ്ഥലം ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിൽ മാട്ടുപ്പെട്ടി കരയിൽ സർവേ നമ്പർ 484/3-ൽ ഉൾപ്പെട്ട 24.22 ഏക്കർ സ്ഥലമാകുന്നു. ടി സ്ഥലത്ത് ഒരു കുളം നിർമ്മിക്കുന്നതിനും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുമായി ദേവികുളം സബ് കളക്ടർ 16.09.2014-ൽ B3-2532/2014 നമ്പർ നടപടിക്രമം പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ടി സ്ഥലത്ത് രൂപരേഖ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള പമ്പ് ഹൗസിന് ദേവികുളം ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽവിഷയം പരിശോധിച്ചതിൽ പമ്പ്ഹൗസ് സ്ഥാപിക്കുന്നത് കേരള കന്നുകാലി വികസന ബോർഡ്, മാട്ടുപ്പെട്ടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ഗുണകരമാണെന്ന് കാണുന്നു. ആകയാൽ പരിഗണിച്ച്, മാനേജർ(എ.എച്ച്), കേരള കന്നുകാലി വികസന ബോർഡ്, മാട്ടുപ്പെട്ടി യൂണിറ്റ്-ന്റെ അപേക്ഷ പരിഗണിച്ച് ടി സ്ഥാപനത്തിന്റെ അധീനതയിലുള്ള ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിൽ മാട്ടുപ്പെട്ടി കരയിൽ സർവേ നമ്പർ 484/3-ൽ ഉൾപ്പെട്ട 24.22 ഏക്കർ സ്ഥലത്ത് ഇതോടൊപ്പം ഉൾക്കൊള്ളിരിക്കുന്ന രൂപരേഖയനുസരിച്ച് നടത്തിയിട്ടുള്ള പമ്പ്ഹൗസ് നിർമ്മാണത്തിന് 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ, ഇടുക്കി.

*സ്വീകർത്താവ് - മാനേജർ(എ.എച്ച്), കേരള കന്നുകാലി വികസന ബോർഡ്, മാട്ടുപ്പെട്ടി യൂണിറ്റ്, മാട്ടുപ്പെട്ടി 685616*

പകർപ്പ് - 1) സബ് കളക്ടർ, ദേവികുളം
2) തഹസിൽദാർ , ദേവികുളം
3) വില്ലേജാഫീസർ, കെ ഡി എച്ച്.
4) സീനിയർ മാനേജർ, എൻജിനീയറിങ് ഡിപ്പാർട്ട്മെന്റ്, കെ.ഡി.എച്ച്.പി കമ്പനി പ്രൈ. ലിമി. മൂന്നാർ
5) സെക്രട്ടറി, ദേവികുളം ഗ്രാമ പഞ്ചായത്ത്.

സെക്ഷൻ ഓഫീസർ